#IIMKinMedia

Date: Septemebr 03, 2026

Newspaper: Malayala Manorama, pg. 05

നേതൃത്വ പരിശീലനം

# മുഖ്യമന്ത്രിയും മന്ത്രിമാരും നാളെയും മറ്റന്നാളും ഐഐഎമ്മിൽ

കുന്നമംഗലം● സംസ്ഥാനത്തിന്റെ ദീർഘകാല വികസന സാധ്യതകളും ഭാവി വെല്ലുവിളികളും ചർച്ച ചെയ്യുന്നതിനായി ഐഐഎം സംഘടിപ്പിക്കുന്ന ദ്വിദിന നേതൃത്വ പരിശീലനം 'കേരളത്തിന്റെ പുനർ സങ്കൽപം നാളെയും മറ്റന്നാളും' ഐഐഎം ക്യാംപസിൽ നടക്കും. മുഖ്യമന്ത്രി വി.ഡി .സതീശനും മുഴുവൻ മന്ത്രിസഭാംഗങ്ങളും പങ്കെടുക്കും.

ചർച്ചകളിൽ സംസ്ഥാനത്തിന്റെ വികസന പാതയെ സ്വാധീനിക്കുന്ന വിവിധ വിഷയങ്ങൾ ആഴത്തിൽ പരിശോധിക്കും. ഐഐഎം ഫാക്കൽറ്റി അംഗങ്ങൾക്കൊപ്പം ജപ്പാനിലെ കിയോ സർവകലാശാല, ലണ്ടൻ കിങ്സ് കോളജ് എന്നിവിടങ്ങളിൽ നിന്നുള്ള വിദഗ്ധരും സെഷനുകൾ നയിക്കും. ആരോഗ്യവും ക്ഷേമവും സംബന്ധിച്ച സെഷനുകൾക്ക് അരവിന്ദ് ഐ കെയർ സിസ്റ്റം ചീഫ് മെഡിക്കൽ ഓഫിസർ ഡോ.അരവിന്ദ് ശ്രീനിവാസൻ, നാരായണ ഹെൽത്ത് ചെയർമാൻ ഡോ.ദേവി ഷെട്ടി എന്നിവർ നേതൃത്വം നൽകും.